# പതിനാലാം കേരള നിയമസഭ

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 492**

**04/02/2020 ൽ മറുപടി നൽകേണ്ടത്**

**<u>ബയോമെട്രിക് മസ്റ്ററിംഗ്</u>**

**<u>ചോദ്യം</u>**

ശ്രീ. സി. ദിവാകരൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീമതി. ഗീതാ ഗോപി

ശ്രീ. മുഹമ്മദ് മുഹസിൻ.പി.

**<u>മറുപടി</u>**

ഡോ. റ്റി.എം. തോമസ് ഐസക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമപെൻഷനും വാങ്ങുന്നവരുടെ ബയോമെട്രിക് മസ്റ്ററിംഗ് പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കാമോ; | അക്ഷയ കേന്ദ്രങ്ങൾ മുഖേന സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്താക്കളുടെ ബയോമെട്രിക് മസ്റ്ററിംഗിനായി 2019 ഡിസംബർ 15 വരെ അനുവദിച്ചിരുന്ന സമയപരിധി, 2019 ഡിസംബർ 31 വരെയും തുടർന്ന് 2020 ജനുവരി 31 വരെയും ദീർഘിപ്പിച്ചു നൽകിയിരുന്നു.<br>2020 ജനുവരി 31 വരെ ലഭ്യമായ വിവരങ്ങൾ പ്രകാരം, സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിയിരുന്ന 4733586 ഗുണഭോക്താക്കളിൽ 4331527 പേരും, (91.5%) സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് പെൻഷൻ വാങ്ങിയിരുന്ന 678164 ഗുണഭോക്താക്കളിൽ 591441 പേരും (87.21%) മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | ഏതൊക്കെ വിഭാഗത്തിലുള്ള ആൾക്കാരാണ് മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് അനർഹമായി | മസ്റ്ററിംഗ് നടത്താത്തവരിൽ കുറച്ചു പേർ കൂടി പലവിധ കാരണങ്ങളാൽ കഴിയാതെ പോയവരായിട്ടുണ്ടാകാം. അതിന്റെ വിവരങ്ങൾ കൂടി ലഭ്യമായാലേ അന്തിമ കണക്കുകളിൽ |

| | | |
|---|---|---|
| | പെൻഷൻ കൈപ്പറ്റുന്നത് എന്ന് വ്യക്തമാക്കുമോ; | എത്തിച്ചേരാനാളു. ജീവിച്ചിരിപ്പുണ്ടോ, സ്ഥലത്ത് സ്ഥിരതാമസമുണ്ടോ, പുനർ വിവാഹിതർ വിധവാ പെൻഷൻ കൈപ്പറ്റുന്നുണ്ടോ എന്നീ വിവരങ്ങൾ മാത്രമാണ് മസ്റ്ററിംഗ് ഘട്ടത്തിൽ പ്രധാനമായും പരിശോധിക്കപ്പെട്ടിട്ടുള്ളത്. മറ്റ് അർഹതാ മാനദണ്ഡങ്ങൾ ഈ ഘട്ടത്തിൽ വിശദമായി പരിശോധിച്ചിട്ടില്ല. ഈ വിഭാഗത്തിൽ തന്നെ വലിയ ഒരു നമ്പർ അനർഹർ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. |
| (സി) | ഏത് വിഭാഗത്തിലുള്ള പെൻഷൻകാരിലാണ് അനധികൃതമായി പെൻഷൻ കൈപ്പറ്റുന്നവർ കൂടുതലുള്ളതെന്ന് വ്യക്തമാക്കുമോ; | മരണപ്പെട്ടിട്ടും പെൻഷൻ റദ്ദ ചെയ്യാതെ അനന്തരവകാശികൾ പെൻഷൻ വാങ്ങുന്ന വിഭാഗത്തിലുള്ളവരാണ് അനർഹരിൽ കൂടുതലുള്ളത് എന്നതാണ് നിലവിലുള്ള മസ്റ്ററിംഗ് വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള അനുമാനം. |
| (ഡി) | ബയോമെട്രിക് മസ്റ്ററിംഗ് പൂർത്തിയാകുമ്പോൾ സർക്കാരിന് ഏതൊക്കെ വിധത്തിലുള്ള നേട്ടങ്ങൾ ഉണ്ടാകുമെന്ന് വിശദമാക്കാമോ? | അനർഹമായി പെൻഷൻ കൈപ്പറ്റുന്നത് തടയുക വഴി ഈ ഇനത്തിലുള്ള ചിലവ് കുറയ്ക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ